"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലയിലെ പനയം ഗ്രാമ പഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ബിന്ദു ജെ. യ്ക്ക് അനുവദിച്ചിരുന്ന ശൂന്യവേതനാവധി **01/07/2025** മുതൽ ടിയാൾ മരണമടഞ്ഞ **13/10/2025** വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**588/2026/LSGD** തീയതി,തിരുവനന്തപുരം, **05-03-2026**

---

പരാമർശം:-
1. സ.ഉ.(സാധാ)നം.**2537/2023/LSGD** തീയതി **21/12/2023.**
2. സ.ഉ.(സാധാ)നം.**26/2025/LSGD** തീയതി **03/01/2025.**
3. ബിന്ദു ജെ. യുടെ **28/05/2025** ലെ അവധി അപേക്ഷ
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **20.10.2025, 25.02.2026** എന്നീ തീയതികളിലെ **LSGD/PD/31853/2025-DEB2** നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ബിന്ദു ജെ-യ്ക്ക് പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതന അവധിക്ക് തുടർച്ചയായി **01/07/2025** മുതൽ ടിയാൾ മരണമടഞ്ഞ **13/10/2025** വരെ, കെ.എസ്.ആർ ഭാഗം 1, ചട്ടം 88 പ്രകാരം, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, (തിരുവനന്തപുരം/ തൃശ്ശൂർ).

3. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
4. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് *(ഇപിബി1/269/2025-തസ്വഭവ ഫയൽ).*

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
സെക്ഷൻ ഓഫീസർ
Date: 05-03-2026 12:39:49